# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഏപ്രിൽ 2

# വാർത്താക്കുറിപ്പ്

## എം.ജി.യിൽ കേന്ദ്രീകൃത മൂല്യനിർണയം എട്ടു മുതൽ; 5000 അധ്യാപകർ പങ്കെടുക്കും

**- ഒൻപതു കേന്ദ്രങ്ങൾ, ഒൻപതു ലക്ഷം ഉത്തരക്കടലാസ്**

**- ക്യാമ്പിൽ പങ്കെടുക്കാത്ത അധ്യാപകർക്കെതിരെ കർശന നടപടി**

മഹാത്മാഗാന്ധി സർവകലാശാലയിൽ ബിരുദ, ബിരുദാനന്തരബിരുദ പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണയം ഏപ്രിൽ എട്ടിന് ആരംഭിക്കും. ഒമ്പത് ക്യാമ്പുകളിലായി 5000 അധ്യാപകർ പങ്കെടുക്കും. ഒരോ ക്യാമ്പുകൾക്കും സിൻഡിക്കേറ്റ് അംഗങ്ങൾ നേതൃത്വം നൽകും.

മേൽനോട്ടത്തിനായി സിൻഡിക്കേറ്റ് പരീക്ഷ ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ്, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ് എന്നിവരടങ്ങിയ ഉപസമിതിയെയും നിയോഗിച്ചു.

ആലുവ സെന്റ് സേവ്യേഴ്സ് കോളജ്, തൃപ്പൂണിത്തുറ ചിന്മയ കോളജ്, മൂവാറ്റുപുഴ നിർമ്മല കോളേജ്, കോട്ടയം ബി.സി.എം. കോളേജ്, പാലാ അൽഫോൻസാ കോളേജ്, ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, കട്ടപ്പന ജെ.പി.എം. കോളേജ്, അടിമാലി കർമ്മലഗിരി കോളേജ് എന്നിവിടങ്ങളിലാണ് ക്യാമ്പ് നടക്കുക. ഒന്ന്, നാല്, ആറ് സെമസ്റ്റർ ബിരുദ പരീക്ഷകളുടെയും അഞ്ച്, ആറ് സെമസ്റ്റർ പ്രൈവറ്റ് ബിരുദ പരീക്ഷകളുടെയും മൂന്ന്, നാല് സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകളുടെയും ഒൻപത് ലക്ഷത്തോളം ചോദ്യക്കടലാസുകളാണ് മൂല്യനിർണയം ചെയ്യുക.

സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. അജി സി. പണിക്കർ, ഡോ. പി.കെ. പത്മകുമാർ, ഡോ. എ. ജോസ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. കൃഷ്ണദാസ്, വി.എസ്. പ്രവീൺകുമാർ എന്നിവർ ക്യാമ്പുകൾക്ക് നേതൃത്വം നൽകും. അതത് കോളേജുകളിൽ നിന്നുള്ള അധ്യാപകരെ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതിന് കോളേജ് പ്രിൻസിപ്പൽമാരെ ചുമതലപ്പെടുത്തി. ക്യാമ്പിൽ പങ്കെടുക്കാത്ത അധ്യാപകർക്കെതിരെ കർശന നടപടി സ്വീകരിക്കും. മൂല്യനിർണയം പൂർത്തീകരിക്കുംവരെ അധ്യാപകർ ക്യാമ്പിൽ പങ്കെടുക്കണം. ഇതിനവിരുദ്ധമായി വിട്ടുനിൽക്കുന്നവർക്കെതിരെയും നടപടിയുണ്ടാകും.

സർവകലാശാല സെനറ്റ് ഹാളിൽ നടന്ന ക്യാമ്പ് ഡയറക്ടർമാരുടെയും ഓഫീസർമാരുടെയും യോഗം ക്യാമ്പിന്റെ ഒരുക്കം വിലയിരുത്തി. പരീക്ഷ സമിതി കൺവീനർ ഡോ. ആർ. പ്രഗാഷ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ.ജോസ്, ഡോ. എം.എസ്. മുരളി, പരീക്ഷ കൺട്രോളർ ഡോ. ബി. പ്രകാശ് കുമാർ എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ./39/656/2019)

**അപേക്ഷ തീയതി നീട്ടി**

ഒന്നാം സെമസ്റ്റർ എം.എസ്‌സി. മെഡിക്കൽ ബയോകെമിസ്ട്രി (പുതിയ സ്‌കീം 2018 അഡ്മിഷൻ റഗുലർ/2016, 2017 അഡ്മിഷൻ സപ്ലിമെന്ററി, പഴയ സ്‌കീം - 2009-2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ് -2018 അദാലത്ത്) പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ അഞ്ചുവരെയും 500 രൂപ പിഴയോടെ എട്ടുവരെയും 1000 രൂപ സൂപ്പർഫൈനോടെ ഒൻപതുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/657/2019)

## പരീക്ഷഫലം

2018 ഓഗസ്റ്റിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്‌സി. സപ്ലിമെന്ററി (2016 അഡ്മിഷൻ - ഡിപ്പാർട്ട്മെന്റ് മാത്രം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/658/2019)

2019 ജനുവരിയിൽ സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന എട്ടാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്‌സ്/പഞ്ചവത്സരം - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/659/2019)

2019 ജനുവരിയിൽ സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന ആറാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്‌സ്/പഞ്ചവത്സരം - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/660/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്‌സ് (മെറ്റീരിയൽ സയൻസ് - പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/661/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ബോട്ടണി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/662/2019)

2018 മെയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. മോളിക്യുലാർ ബയോളജി ആന്റ് ജനറ്റിക് എൻജിനീയറിംഗ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/663/2019)

## ആർ.ആർ.ബി. പരീക്ഷ പരിശീലനം

റെയിൽവേയിലെ അസിസ്റ്റന്റ് സ്റ്റേഷൻ മാസ്റ്റർ, ഗുഡ്‌സ് ഗാർഡ്, കൊമേഴ്‌സ്യൽ/ട്രാഫിക് അപ്രന്റിസ് എന്നീ നിയമനങ്ങൾക്കായി ആർ.ആർ.ബി. നടത്തുന്ന മത്സര പരീക്ഷകൾക്കുള്ള പരിശീലനം മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. വിശദ വിവരങ്ങൾക്ക് ഫോൺ: 0481-2731025.

(പി.ആർ.ഒ./39/664/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ